കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

നം: 53396/ഇഎം2/10/തസ്വഭവ  തിരുവനന്തപുരം, തീയതി: 28/09/2010.

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് - കുടിശ്ശിക വരുത്തിയവർക്കുള്ള അയോഗ്യത - സ്പഷ്ടീകരണം നൽകുന്നു.

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 34(1)(ജെ) വകുപ്പ് പ്രകാരം "മുൻവർഷം വരെയും മുൻവർഷം ഉൾപ്പെടെയും സർക്കാരിലേക്കോ അല്ലെങ്കിൽ ബന്ധപ്പെട്ട പഞ്ചായത്തിലേക്കോ (വിശ്വാസാധിഷ്ഠിത നിലയിലല്ലാതെ) താൻ കൊടുക്കേണ്ട ഏതെങ്കിലും ഇനം സംബന്ധിച്ച് കുടിശ്ശിക വരുത്തുകയും അത് സംബന്ധിച്ച് ഒരു ബില്ലോ നോട്ടീസോ അയാളുടെ മേൽ യഥാവിധി നടത്തുകയും അതിൽ വല്ല സമയവും നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ ആ സമയം കഴിയുകയും ചെയ്തിരിക്കുന്നുവെങ്കിൽ, അയാൾ ഏതെങ്കിലും തലത്തിലുള്ള പഞ്ചായത്തിലെ അംഗമായി തെരഞ്ഞെടുക്കപ്പെടുന്നതിനോ അംഗമായി തുടരുന്നതിനോ അയോഗ്യനായിരിക്കുന്നതാണ്". സമാനമായ വ്യവസ്ഥ 1994 -ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 90(1)(ജെ) വകുപ്പിലുമുണ്ട്. ഏതെങ്കിലും വ്യക്തിക്കെതിരെ, സാമ്പത്തിക ബാദ്ധ്യത ഉൾപ്പെടുന്ന ഒരു തടസ്സവാദം ഏതെങ്കിലും ആഡിറ്റ് റിപ്പോർട്ടിലോ, അന്വേഷണ റിപ്പോർട്ടിലോ പ്രത്യക്ഷമായോ പരോക്ഷമായോ പരാമർശിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരം തടസ്സവാദം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് അംഗമായി തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള പഞ്ചായത്ത് രാജ് ആക്ടിലെ/കേരള മുനിസിപ്പാലിറ്റി ആക്ടിലെ മേൽപ്പറഞ്ഞ വകുപ്പിൽ പരാമർശിക്കുന്ന അയോഗ്യതയായി കണക്കാക്കപ്പെടുമോ എന്ന കാര്യത്തിൽ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ സർക്കാരിൽ നിന്നും സ്പഷ്ടീകരണം തേടിയിരുന്നു.

മേൽപ്പറഞ്ഞ തരത്തിലുള്ള തടസ്സവാദം ആഡിറ്റ് റിപ്പോർട്ടിലോ അന്വേഷണ റിപ്പോർട്ടിലോ പരാമർശിക്കപ്പെട്ടു എന്നതുകൊണ്ട് മാത്രം ഒരാൾക്ക് കേരള പഞ്ചായത്ത് രാജ് ആക്ട് 34(1)(ജെ) വകുപ്പ് പ്രകാരമോ കേരള മുനിസിപ്പാലിറ്റി ആക്ട് 90(1)(ജെ) വകുപ്പ് പ്രകാരമോ ഉള്ള അയോഗ്യത ബാധകമായിരിക്കുകയില്ല എന്നും, തടസ്സവാദത്തിന്റെ അടിസ്ഥാനത്തിൽ അയാൾക്ക് നോട്ടീസ് നൽകി അയാളുടെ വിശദീകരണം പരിശോധിച്ച് അയാളുടെ സാമ്പത്തിക ബാദ്ധ്യത അന്തിമമായി തിട്ടപ്പെടുത്തി അത്രയുംതുക സർക്കാരിലേക്ക്/തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക്

....2/

തിരിച്ചടയ്ക്കുവാൻ അയാൾക്ക് നോട്ടീസ്/ഉത്തരവ് നൽകിയിട്ടുണ്ടെങ്കിൽ അഥവാ ഏതെങ്കിലും തുക അയാളുടെമേൽ നിയമാനുസൃതം സർചാർജ് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ മാത്രമേ മേൽപ്പറഞ്ഞ വകുപ്പുകളിൽ പരാമർശിക്കുന്ന അയോഗ്യത ബാധകമാകുകയുള്ളൂ എന്നും ഇതിനാൽ സ്പഷ്ടീകരണം നൽകുന്നു.

എസ്.എം. വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമ വികസന കമ്മീഷണർ മുഖാന്തിരം)
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും.
എല്ലാ മുനിസിപ്പൽ കൗൺസിൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. ക്ക്